ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : കണ്ണൂർ ജില്ലയിൽ വളപട്ടണത്തു് ഒരു കുഷ്ഠരോഗ ഡിസ്പെൻസറി മാത്രമാണുള്ളതു്. ആ ഡിസ്പെൻസറികൊണ്ടു് ഔട്ടു്പേഷ്യൻസിനു് സംരക്ഷണം നൽകാൻ സാധിക്കുന്നില്ല. അതുകൊണ്ടു് ഇതൊരു ഹോസ്പിറ്റലായി ഉയർത്തുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പൂർണ്ണവിവരം തരുകയാണെങ്കിൽ അന്വേഷിച്ചു് പരിഹാരം കാണാം.

ശ്രീ. സി. എം. കുട്ടി : ഇപ്പോഴും ചില ആശുപത്രികളിലും ഡിസ്പെൻസറികളിലും ഓരോ ലെപ്രസി വിസിറ്ററെ നിയമിച്ചതായി കാണുന്നുണ്ടു് അവർ വീടുകളിൽ ചെന്നാൽ പലപ്പോഴും സ്ത്രീകളും പൂർണ്ണവിവരങ്ങളും നൽകാൻ കൂട്ടാക്കുന്നില്ല. അതുകൊണ്ടു് ഇതിനുവേണ്ടി സ്ത്രീകളെ ലെപ്രസി വിസിറ്റർമാരായി നിയമിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതേപ്പറ്റി ആലോചിക്കാം.

ശ്രീ. പി. ചാക്കോ : ഓരോ താലൂക്കു് ഹെഡ്കാർട്ടേഴ്സാശുപത്രിയോടനുബന്ധിച്ചും ലെപ്രസി പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ : ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇപ്പോഴും അതു് എവിടെയെങ്കിലും തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോഴും അങ്ങനെ തുടങ്ങിയിട്ടുള്ളതായി തോന്നുന്നില്ല.

ശ്രീ. ടി. ഓ. ബാവ : പുത്തൻകുരിശു് കുഷ്ഠരോഗാശുപത്രിയിലുള്ള 200—ഓളം രോഗികൾക്കു് ന്യായവിലയ്ക്കു് അരി കൊടുക്കണമെന്നുള്ള അവരുടെ അപേക്ഷയിൻമേൽ സർക്കാർ യാതൊരു നടപടിയും എടുക്കാതിരിക്കുന്നതിനു് കാരണമെന്തു് ; അവർക്കു് ന്യായവിലയ്ക്കു് അരി ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ക്ഷേമവകുപ്പുമന്ത്രി പറയേണ്ടതാണു്.

ശ്രീ. ഈ. പി. പൗലോസു് : ഒരു കട അവിടെ അനുവദിക്കാം.

മി. സ്പീക്കർ : ഫെബ്രുവരി 18—ാം തീയതി 9—ാമത്തെ ചോദ്യത്തിനു് ഉത്തരം പറഞ്ഞു. അതുകൊണ്ടു് അടുത്ത ചോദ്യത്തിനു് ഉത്തരം പറയാം.

റൂറൽ ഏരിയായിലെ വാട്ടർ സപ്ലൈ സ്കീമുകൾ.

* 453. [10] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ ഏരിയായിലെ വാട്ടർ സപ്ലൈ സ്കീമുകൾക്കു് എത്ര തുക ഈ സാമ്പത്തികവർഷം നീക്കിവച്ചിട്ടുണ്ടു് ;

(ബി) ഈ വർഷം ഏതെല്ലാം റൂറൽ ഏരിയായിൽ വാട്ടർസപ്ലൈ സ്കീംസു് അനുവദിച്ചിട്ടുണ്ടു് ;

(സി) അതിനു് ചെലവായ തുക എത്ര ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 10,46,800 രൂപ.

(ബി) (1) പരവൂർ
(2) പുനലൂർ
(3) പത്തനംതിട്ട
(4) വലിയഴീക്കൽ
(5) വടക്കാഞ്ചേരി
(6) വെള്ളാങ്ങല്ലൂർ
(7) മലപ്പുറം
(8) മേപ്പയൂർ

എന്നീ സ്ഥലങ്ങളിൽ വാട്ടർസപ്ലൈസ്കീംസു് അനുവദിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1964 ഡിസംബർ അവസാനം വരെ 1,29,122 രൂപ മേൽ പ്പറഞ്ഞ എട്ട സ്കീമുകൾക്ക വേണ്ടി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചതും പണി പൂർത്തിയാകാത്തതുമായ സ്കീമുകൾക്കവേണ്ടി 8,28,863 രൂപാ ചെലവഴിച്ചിട്ടുണ്ട്. അങ്ങിനെ ആകെ 1963 ഡിസംബർ അവസാനംവരെ 9,57,985 രൂപാ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എം. സി. ഏബ്രഹാം : ഈ പദ്ധതിയനുസരിച്ച വേണ്ടിവരുന്ന സംഖ്യ മുഴുവൻ ഗവണ്മെൻറിൽനിന്നാണോ ചെലവുചെയ്യുന്നത് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മിക്കവാറും പഞ്ചായത്തുകൾ ഇതിനാവശ്യമായിട്ടുള്ള പമ്പ് ഹൗസിനു സൈറ്റ് ഫ്രീയായിട്ട കൊടുക്കാറുണ്ട്. ബാക്കി ചെലവുകൾ ഗവണ്മെൻറാണ് വഹിക്കുന്നത്.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : ഐയ്മനം ശുദ്ധജലവിതരണ പദ്ധതി ഏതു ഘട്ടത്തിലിരിക്കുന്നു എന്നും, അതിനു് എത്ര തുക ചെലവുവരുമെന്നും പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വാട്ടർ സപ്ലൈ ബോർഡ് ഐയ്മനം വാട്ടർ സപ്ലൈ സ്കീമിനു് അംഗീകാരം കൊടുത്തിട്ടുണ്ട്. എൻെറ ഓർമ്മയിൽ നിന്നു പറയുകയാണു് ഏതാണ്ട് 65,000—മോ 75,000—മോ രൂപയാണു് കൊള്ളിച്ചിട്ടുള്ളതെന്നു തോന്നുന്നു. അതിൻെറ പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിരിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ സ്കീംപ്രകാരം കൊട്ടാരക്കര ടൗണിൽ ഒരു കുഴൽക്കിണർ കുഴിക്കുകയും അതിൻെറ പകുതി പണി പൂർത്തിയാക്കുകയും ചെയ്തു. അതിൻെറ പണി മുഴുവനും പൂർത്തിയാക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഓരോ പട്ടണങ്ങളെപ്പറ്റിയും പ്രത്യേകമായിട്ട ചോദിച്ചാൽ കൃത്യമായി പറയാൻ സാധിക്കുകയില്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഈ വായിച്ച ലിസ്റ്റിൽ ആലപ്പുഴ ഡിസ്ട്രിക്റ്റിൽ വല്ല സ്ഥലവും ഉൾപ്പെട്ടുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ലിസ്റ്റിൽ പേരുകളുണ്ട്. ഏതു ഡിസ്ട്രിക്റ്റിലാണെന്നു കണക്കാക്കാവുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, ഇൻഡ്യയിൽനിന്നും, വിദേശത്തുനിന്നും ലക്ഷക്കണക്കിൽ സന്ദർശകർ വന്നും പോയുമിരിക്കുന്ന ഗുരുവായൂരിൽ ശുദ്ധജലക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതേപ്പറ്റി ആലോചിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ഒരു സ്കീം ഗവണ്മെൻറിൻെറ പരിഗണനയിലുണ്ട്. താമസിയാതെതന്നെ ഇതു് ആരംഭിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു,

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ള പദ്ധതികളെല്ലാം ഈ വർഷമുള്ളതാണു്. അങ്ങനെയിരിക്കെ 1962—ൽ തന്നെ അനുവദിച്ചുകഴിഞ്ഞിട്ടുള്ള ഇരിങ്ങൂർ ടൗൺ വാട്ടർസപ്ലൈ സ്കീം നിറുത്തിവയ്ക്കുന്നതിനുള്ള കാരണമെന്താണു് ; അവിടത്തെ ജനങ്ങൾതന്നെ സ്ഥലമെടുത്തു് ഗവണ്മെൻറിലേക്കു് കൊടുത്തിട്ടുള്ളതാണു്. ഇതു് പൂർത്തിയാക്കാതിരിക്കാനുള്ള കാരണമെന്താണു് ; അവിടെയുള്ള ജനങ്ങൾക്കു് ശുദ്ധജലം കിട്ടാൻ ബുദ്ധിമുട്ടുണ്ടാവുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സർ, ഞാൻ വായിച്ച ലിസ്റ്റു് 1963 സാമ്പത്തികവർഷത്തിൽ ആരംഭിക്കാൻവേണ്ടി അനുവാദം കൊടുത്തിട്ടുള്ളതാണു്. നേരത്തെയുള്ള ലിസ്റ്റു് ഇതിലില്ല. സ്പിൽ ഓവർ വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണു്. 67-ഓളം വർക്കുകൾ നടക്കുന്നുണ്ടെന്നാണു് ഓർമ്മ. പന്ത്രണ്ടോളം വാട്ടർസപ്ലൈ സ്കീമുകളും, 15 വില്ലേജ് വാട്ടർ സപ്ലൈ സ്കീമും അടുത്ത സാമ്പത്തിക വർഷത്തിൽ കമ്മിഷൻ ചെയ്യാൻ സാധിക്കുമെന്നാണു് വിചാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുത മേനോൻ : ഗൂരൽ വാട്ടർ സപ്ലൈ സ്കീം തുറക്കുന്നതു് എത്ര തവണത്തെ അടിസ്ഥാനപ്പെടുത്തിയാണു്. വല്ല തവവും ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടോ ; ഞാൻ ചോദിക്കാൻ കാരണം ലിസ്റ്റു് വായിച്ച അവസരത്തിൽ ലിസ്റ്റിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ എത്രയോ അധികം പ്രദേശങ്ങളിൽ ഈ സ്കീം അനുവദിക്കേണ്ടതായിട്ടുണ്ടു്, അതുകൊണ്ടു് എത്ര തവണത്തെ ആസ്പദമാക്കിയാണു് ഇതനുവദിക്കുന്നതു്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സാധാരണയായി ഡി. ഡി സി. കാരു ഒരു ലിസ്റ്റു് തയാറാക്കി അയക്കുന്നുണ്ടു്. അതിനകത്തുനിന്നു് മൊത്തമായിട്ടു് ഒരു എസ്റ്റിമേറ്റു് തയ്യാറാക്കി അതു് വാട്ടർ സപ്ലൈ ബോർഡിന്റെ മുമ്പാകെ പരിഗണനക്കു വയ്ക്കും, അവർ പ്രയോറിറ്റി കൊടുക്കുന്നതനുസരിച്ചാണു് സ്കീമുകൾ കൊടുത്തുകൊണ്ടിരിക്കുന്നതു്.

മെഡിക്കൽ കാളേജു് ആശുപത്രിയിലെ മലിനജലവും മലിന വസ്തുക്കളും.

* 454- [11] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കാളേജാശുപത്രിയിലെ മലിനജലവും മലിനവസ്തുക്കളും കാളേജു് കാമ്പൗണ്ടിനു് പടിഞ്ഞാറുവശത്തുള്ള നെൽപാടങ്ങളിലേക്കു് നിർബാധം ഒഴുകി പോകുന്നതുമൂലം പൊതുജനാരോഗ്യത്തിനു് ഹാനിയും കൃഷിനാശവും ഉണ്ടാകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യമായ നടപടികളും സ്വീകരിച്ചു് സമീപവാസികളുടെ ആരോഗ്യവും ആ പ്രദേശങ്ങളിലെ കൃഷിയും സംരക്ഷിക്കാൻ വേണ്ട പണി ആരംഭിച്ചു പൂർത്തിയാക്കാൻ ഗവണ്മെന്റിനു് ദയവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല.

(ബി) പവ്വർ ലാണ്ടറിയിൽനിന്നും പുറത്തേക്കുപോകുന്ന ജലം മേൽപ്പറഞ്ഞ നെൽപ്പാടത്തിനു സമീപമുള്ള തോട്ടിൽകൂടി ഒഴുകുന്നുണ്ടു്. ഇതു വളരെ കുറഞ്ഞ അളവിൽ മാത്രമാണു് തോട്ടിലേക്കു പോകുന്നതു്. മെഡിക്കൽ കാളേജിലെ ഓടകളിലും മറ്റുമുള്ള ജലം അവിടത്തെ സീവേജ് സിസ്റ്റത്തിലേക്കാണു് പോകുന്നതു്. അതു് വെളിയിലേക്കു വിടുന്നതു് ഫിൽറ്റർ ചെയ്തതിനുശേഷമാണു്. അതുകൊണ്ടു് കൃഷിക്കോ, സമീപവാസികളുടെ ആരോഗ്യത്തിനോ ഹാനികരമാകുന്നതല്ല.

പവ്വർ ലാണ്ടറിയിൽനിന്നും ജലം ശുദ്ധീകരിച്ചു് തോട്ടിൽ വിടുന്നതിനു് ഒരു പ്ലാൻറു സ്ഥാപിക്കുന്നകാര്യം ഗവണ്മെന്റു് ആലോചിച്ചുവരുന്നു.

ശ്രീ. കെ. അനിരുദ്ധൻ : 1957—ലും, 1961—ലും ഇക്കാര്യം സംബന്ധിച്ചു് ഒരു മെമ്മോറാണ്ടം ഗവണ്മെന്റിനു നൽകിയിട്ടുണ്ടെന്നാണറിവു്. അതുപോലെതന്നെ ഈ പവ്വർ ലാണ്ടറിയിൽനിന്നു മാത്രമല്ല ആസ്പത്രെ റേഷൻ തിയേറ്ററിൽ നിന്നുപോലും അറുത്തുകളയുന്ന ഇറച്ചിയുടെ അംശവും, രക്തവും, പഴുപ്പും മറ്റും ആ പ്രദേശത്തേക്കു് ഒഴുകിപ്പോവുകയും അതിനെത്തുടർന്നു് അവിടെ കൃഷിനാശവും, അതുപോലെതന്നെ അതു് കെട്ടിക്കിടന്നു് വല്ലാത്ത നാറ്റവും മറ്റും ഉണ്ടാകുന്നുണ്ടു്, അതുകൊണ്ടു് ഇക്കാര്യത്തെക്കുറിച്ചു് ഒരന്വേഷണം നടത്തുകയും, എന്തെങ്കിലും അടിയന്തിരമായി ചെയ്യാൻ പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനോടു് ആവശ്യപ്പെടുകയും ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly